	2011-12	2012-13	2013-14	2014-15
എസ്സി.	491933093	625075497	783567619	533596859
ഒ.ഇ.സി.	239634569	269278725	231631642	295024325
എസ്.ഇ.ബി.സി.	12413711	33769263	26617198	15045548
ഒ.ബി.സി.	1897825	2274283	911190	3204324

2014-15 അഡ്മിഷൻ ലഭിച്ച കുട്ടികളുടെ അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ 2014 നവംബർ 30 വരെയുള്ള വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ക്ലെയിം ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യ വിതരണത്തിൽ കുടിശ്ശികയില്ല. ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

277 (985) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 2014-15 സാമ്പത്തിക വർഷത്തിൽ എത്ര കംപ്യൂട്ടറുകൾ അനുവദിച്ചിട്ടുണ്ട്, വിശദവിവരം ലഭ്യമാക്കുമോ ;

(ബി) അതിൽ എത്ര എണ്ണം സ്കൂളിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 2014-15 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറുകൾ അനുവദിച്ചിട്ടില്ല.

വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി വികസനം

278(986) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണ് ; ഇതിന് എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികളുടെയും അതിനായി ചെലവഴിച്ച തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു :

ക്രമ നം	പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
(1)	(2)	(3)	(4)
1.	ഭൂരഹിതർക്ക് ഭൂമി	226	3,35,75,000
2.	ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം	108	1,61,20,000
3.	ടോയ്‌ലറ്റ് നിർമ്മാണം	524	1,24,45,000
4.	സ്വയം തൊഴിൽ പദ്ധതി/ സബ്‌സിഡി	35	21,56,045
5.	ഭവന പുനരുദ്ധാരണ പദ്ധതി	46	22,50,000
6.	ചികിത്സാ ധനസഹായം	250	33,21,300
7.	അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ്	147	2,99,500
8.	ഉന്നത വിജയം നേടിയ കുട്ടികൾക്ക് സ്പെഷ്യൽ ഇൻസെന്റീവ്	379	5,27,750
9.	സൈക്കിൾ വാങ്ങുന്നതിന് ധനസഹായം	319	9,57,000
10.	വിവാഹത്തിനുള്ള ധനസാഹായം	273	64,50,000
11.	മിശ്ര വിവാഹിത ദമ്പതിമാർക്കുള്ള ധനസഹായം	98	43,60,000

(1)	(2)	(3)	(4)
12.	എൻഡോസൾഫാൻ കോച്ചിംഗ് ധനസഹായം	37	2,32,000
13.	സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾ	എളംകുന്നപ്പുഴ പഞ്ചായത്തിലെ 'പുലയാസ് കോളനി	67,51,240 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്

പട്ടികജാതി കോളനി നവീകരണം

279 (987) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) കോളനികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നത് ?

ഉത്തരം

(എ) ഉണ്ട്. 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളിൽ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) പട്ടികജാതി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. കോളനിക്കകത്തുള്ള റോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, ബയോഗ്യാസ് പ്ലാന്റ്, ഓട നിർമ്മാണം, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ തുടങ്ങിയവ കോളനികളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly